13-ാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2416 23.01.2014-ൽ മറുപടിയ്ക്ക്

# നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (എ) & (ബി) ഉണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വകയിരുത്തിയ 182 കോടി രൂപയ്ക്ക് പുറമേ 15 കോടി രൂപയുടെ അധിക ധനസഹായവും അനുവദിച്ചിട്ടുണ്ട്.വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി പൊതു മേഖലയിൽ തന്നെ നിലനിർത്തുവാനാണ് ഈ തുക ഉപയോഗിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | (സി) | ഈ പദ്ധതിയുടെ ഭാഗമായി ഒരു നിശ്ചിത പരിധിക്ക്മുകളിലുള്ള ഉൽപ്പാദനത്തിനാനുപാതികമായി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ? | (ഡി) | നഷ്ടത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾക്കായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ